നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 29, വ്യാഴം

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 30

നിയമസഭ 1979 മാർച്ച് 29–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽകൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

(ചോദ്യം 716 ചോദിച്ചില്ല)

പ്രൈവറ്റ് കോളേജുകളിലെ ലൈബ്രേറിയൻമാരുടെ ഗ്രേഡ്

659 [717] ശ്രീ. തോമസ് ജോസഫ്:
,, ടി.എം. ജേക്കബ്:
,, എം.വി. മാണി:
,, ലോനപ്പൻ നമ്പാടൻ:
,, കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് കോളേജുകളിലെ ലൈബ്രേറിയൻമാരുടെ ഗ്രേഡ് നിശ്ചയിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഇവരുടെ ഗ്രേഡ് 1971-നു ശേഷം ഇതുവരെയും റീ ഫിക്സ് ചെയ്യാതിരിക്കുവാൻ എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ;

(സി) 6.6.1978 മുതൽ ഇവരുടെ ഗ്രേഡ് റീ ഫിക്സ് ചെയ്യാൻ നിർദ്ദേശം ഉണ്ടായിട്ടും ഇതുവരെയും അതു നടപ്പിലാക്കാതിരിക്കുന്നതെന്തു കൊണ്ടാണ്;

(ഡി) 6.6.1978 മുതൽ ഇവരുടെ ഗ്രേഡ് റീ ഫിക്സ് ചെയ്യാൻ നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) സ്റ്റോക്കുള്ള പുസ്തകങ്ങളുടെ എണ്ണവും ഓരോവർഷവും വിതരണം ചെയ്യുന്ന പുസ്തകങ്ങളുടെ എണ്ണവും കണക്കാക്കിയാണ് ലൈബ്രറികളുടെ ഗ്രേഡ് നിശ്ചയിക്കുന്നത്. ഈ മാനദണ്ഡം തന്നെയാണ് പ്രൈവറ്റ് കോളേജുകളിലെ ലൈബ്രറികൾക്കും ബാധകമാക്കിയിരിക്കുന്നത്. ഗ്രേഡ് ചെയ്യപ്പെട്ട ലൈബ്രറി സമാനഗ്രേഡിലുള്ള ലൈബ്രേറിയൻമാരുടെ ചുമതലയിലായിരിക്കും പ്രവർത്തിക്കുക.

(ബി) ഗ്രേഡ് കാലാകാലങ്ങളിൽ റീ ഫിക്സ് ചെയ്യണമെന്നുള്ള തത്വം പ്രൈവറ്റ് കോളേജുകൾക്കു ബാധകമാക്കിയത് 6.6.1978-ൽ മാത്രമാണ്.

(സി) മുമ്മൂന്നുകൊല്ലം കഴിയുമ്പോൾ ലൈബ്രറികളുടെ ഗ്രേഡ് പുനഃപരിശോധിക്കണമെന്ന തത്വം പ്രൈവറ്റ് കോളേജുകൾക്കു ബാധകമാക്കിയത് 6.6.1978 മുതലാണ്. അതനുസരിച്ച് 1981-ൽ മാത്രമേ ആദ്യത്തെ പുനഃപരിശോധന നടത്തേണ്ടതുള്ളൂ.

(ഡി) നിലവിലുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ ഇപ്രകാരമൊരു നിർദ്ദേശംകൊടുക്കാൻ നിർവ്വാഹമില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: രാവിലെ 9 മണിമുതൽ വൈകിട്ട് 5 മണിവരെ ജോലിചെയ്യുന്ന ചുരുങ്ങിയ വരുമാനക്കാരായ ലൈബ്രേറിയൻമാരുടെ ഗ്രേഡ് വർദ്ധിപ്പിക്കുന്നതിന് എത്രയും വേഗം നടപടിയെടുക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: നിയമപ്രകാരമുള്ള നടപടികാലംകൂടുമ്പോൾ എടുക്കുന്നതാണ്.

ശ്രീ. കെ.എ. മാത്യു: പ്രൈവറ്റ് കോളേജുകളിലെ ലൈബ്രേറിയൻമാരുടെ ഗ്രേഡ് 1971-ലാണ് റീ ഫിക്സ് ചെയ്തത്. അന്നത്തെ ധാരണ മൂന്നുവർഷത്തിനുശേഷം വീണ്ടും റീഫിക്സ് ചെയ്യും എന്നതായിരുന്നു. 6.6.1978-ൽ റീ ഫിക്സ് ചെയ്യണമെന്നു നിർദ്ദേശമുണ്ടായിരുന്നിട്ടും 1981-ലേക്കു മാറ്റാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: 6.6.1978-ലാണ് റീ ഫിക്സ് ചെയ്യണമെന്നുള്ള നിബന്ധന പ്രൈവറ്റ്കോളേജുകൾക്കു ബാധകമാക്കിയത്. അതുപ്രകാരം മൂന്നുകൊല്ലം കഴിഞ്ഞിട്ടേ റീ ഫിക്സ് ചെയ്യേണ്ടതുള്ളൂ.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ജീവിതസൂചിക വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഗവൺമെന്റ് ശമ്പളത്തിൽ മാറ്റം വരുത്തുന്നതിനനുസരിച്ച് ഇവർക്കും ശമ്പളവർദ്ധനവു നൽകാൻ നടപടിയെടുക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഇതു ശമ്പളവർദ്ധനവിന്റെ പ്രശ്നമല്ല. ഗ്രേഡിന്റെ പ്രശ്നമാണ്. ഗ്രേഡ് നിയമപ്രകാരമല്ലാതെ മാറ്റാൻ സാധിക്കുകയില്ല.

ശ്രീ. ടി.എം. ജേക്കബ്: 1971-ൽ ഗ്രേഡ് ഫിക്സ് ചെയ്ത അവസരത്തിൽ റീ ഫിക്സ് ചെയ്യാമെന്നു പറഞ്ഞിരുന്നിട്ടും പിന്നെ എന്താണ് 81 വരെ കാത്തിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: റീ ഫിക്സ് ചെയ്യണമെന്നുള്ള നിയമം പ്രൈവറ്റ് കോളേജുകൾക്കു ബാധകമാക്കിയതിനുശേഷം മാത്രമേ റീ ഫിക്സേഷൻ വരുന്നുള്ളു.

ശ്രീ. സേവ്യർ അറയ്ക്കൽ: ഇങ്ങനെയൊരു നിയമമുണ്ടാക്കാൻ എന്താണിത്ര താമസിച്ചത്? 1971-നുമുൻപു സർവ്വീസിലിരുന്ന ആളുകളുടെ നിലയെന്താണ്?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: 1971 മുതൽ നിയമം ബാധകമാക്കിയെങ്കിലും 1978 മുതലാണ് പ്രൈവറ്റ് കോളേജുകൾക്കു ബാധകമാക്കിയത്. ഇനി റീ ഫിക്സ് ചെയ്യുമ്പോൾ പഴയകാര്യങ്ങൾ കണക്കിലെടുക്കുകയില്ല.

ശ്രീ. എൻ. ദാസ്ക്കരൻ നായർ: അസിസ്റ്റന്റ് ലൈബ്രേറിയനെയും ലോവർ ഡിവിഷൻ ക്ലാർക്കിനെയും ഒരേ ഗ്രേഡിൽ പരിഗണിച്ചുകൊണ്ട് അപ്പർ ഡിവിഷൻ ക്ലാർക്കായി പ്രൊമോഷൻ കൊടുക്കുന്ന രീതി ഉണ്ട്. ആ രീതി തുടരാനാണോ ഉദ്ദേശിക്കുന്നത്? അതോ അസിസ്റ്റന്റ് ലൈബ്രേറിയൻമാരെ ലൈബ്രേറിയൻമാരായി പ്രൊമോട്ടുചെയ്യാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: അന്തിമമായ തീരുമാനമെടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. പി. ശങ്കർ: ഗവൺമെന്റ് കോളേജുകളിലെ ലൈബ്രേറിയൻമാരുടെ ഗ്രേഡും പ്രൈവറ്റ് കോളേജുകളിലെ ലൈബ്രേറിയൻമാരുടെ ഗ്രേഡും തമ്മിൽ വ്യത്യാസമുണ്ടോ? രണ്ടും ഒരു നോംസ് ആണെങ്കിൽ എന്താണ് ഫിക്സ്ചെയ്യാനിത്ര ബുദ്ധിമുട്ട്?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പ്രൈവറ്റ് കോളേജുകളിൽ നിന്നും ഗവൺമെന്റ് കോളേജുകളിലേക്കുകൂടി നടപ്പാക്കുകയാണ് ചെയ്തത്. 1978-ൽ നടപ്പാക്കിയതുകൊണ്ട് 1981-ൽ മാത്രമേ പുനഃസംഘടിപ്പിക്കാൻപാടുള്ളു എന്നാണ് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും അറിയിച്ചത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: 1978-നു മുൻപുള്ള കാര്യം കൂടി 81-ലെ റീ ഫിക്സേഷൻ സമയത്ത് പരിഗണിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: അങ്ങനെ പരിഗണിക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി.എം. ജേക്കബ്: 1971-ൽ ഗ്രേഡ് ഫിക്സ്ചെയ്ത അവസരത്തിൽ പതിനയ്യായിരം ബുക്കുകളുള്ള ലൈബ്രറി എ-ഗ്രേഡായും അതിൽ താഴെയുള്ളത് ബി-ഗ്രേഡായും അതിലും താഴെയുള്ളത് സി-ഗ്രേഡായും തിരിച്ചതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്. 1981 ആകുമ്പോഴേക്കും പുസ്തകങ്ങളുടെ എണ്ണമനുസരിച്ച് ഗ്രേഡ് വ്യത്യാസപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഇപ്പോൾ തൽക്കാലം തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ത്യാഗരാജൻ: പ്രൈവറ്റ് കോളേജുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് മറ്റുള്ളവർക്ക് പൊതുവേ അംഗീകരിച്ചിട്ടുള്ള പല ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല

ശ്രീ. പി.ആർ. ഫ്രാൻസിസ്: ലൈബ്രേറിയൻമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും പ്രവർത്തനങ്ങൾ കാർഷികരംഗത്തേക്കു തിരിച്ചുവിടുകയും പുസ്തകകോർണർ തുടങ്ങിയ പ്രചരണങ്ങൾ ധാരാളമായി ഉണ്ടായിരിക്കുകയും ചെയ്യുന്ന ഈ കാലത്ത് ഇവരുടെകാര്യം കൂടുതൽ ശ്രദ്ധിക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഇത് ലൈബ്രേറിയൻമാരെക്കുറിച്ചുള്ള പ്രോഭ്യമാണ്.

പാർട്ടൈം സർവ്വീസുകൂടി പെൻഷന് കണക്കാക്കാൻ നിർദ്ദേശം

* 660 [718] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഫുൾടൈം സർവ്വീസ് 10 വർഷം തികയാതെ വന്നാൽ മിനിമം പെൻഷന് അർഹതയില്ലെന്ന കാര്യം പരിഗണിച്ച് ഇത്തരം അദ്ധ്യാപകരുടെ പാർട്ടൈം സർവ്വീസ് കൂടി പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കണക്കാക്കുവാൻ ഗവൺമെൻറ് തയ്യാറാവുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): നിർവ്വാഹമില്ല.

ശ്രീ. കെ.പി. രാമൻ: പത്തുവർഷം തികയാത്തതുകൊണ്ട് പെൻഷൻ കിട്ടാത്ത പല അദ്ധ്യാപകർക്കും പത്തുവർഷം തികയുന്നതിന് എത്രാനും ദിവസങ്ങളുടെമാത്രം കുറവേ ഉള്ളൂ. അങ്ങനെയുള്ളവരുടെയെങ്കിലും കാര്യം പരിഗണിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: അങ്ങനെ പരിഗണിക്കുന്നതുകൊണ്ട് പല വിഷമങ്ങളും ഉണ്ടാകും.

ശ്രീ. കെ.പി. രാമൻ: കെ.ഇ.ആർ. 14.ബി അനുസരിച്ച് വർക്കു ചെയ്ത അദ്ധ്യാപകർ (പ്രൈവറ്റ് സ്കൂൾ) റിട്ടയർ ചെയ്തപ്പോൾ പത്തുവർഷം തികയാത്തതുകൊണ്ട് പെൻഷൻകിട്ടുന്നില്ലെന്നുമാത്രമല്ല അഞ്ചുവർഷത്തെ ശമ്പളം തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല ടീച്ചേഴ്സിനും സർക്കാരിൽനിന്നും ഉത്തരവുകൾ കൊടുത്തിട്ടുണ്ട്. ചില കേസുകളെല്ലാം മന്ത്രിക്കും അറിയാമെന്നാണ് ഞാൻ വിചാരിക്കുന്നത്. അത്തരക്കാരെയെങ്കിലും ഒഴിവാക്കുന്നകാര്യം പരിഗണിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഇൻഡിവിഡ്വൽ കേസുകൾ പരിശോധിച്ചു വേണ്ടതു ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly